# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 10 (HALF YEARLY 2023)

**1) എബ്രായ ഭാഷയിൽനിന്നും ഗ്രീക്കുഭാഷയിലേക്ക് എഴുപത്തിരണ്ടു പണ്ഡിതർ ചേർന്നു നടത്തിയ ബൈബിൾ പരിഭാഷയുടെ പേരെന്ത്?**

**A) സെപ്റ്റുവജിന്റ്**

B) പെശിത്താ

C) തോറാ

D) ജെറോം ബൈബിൾ

**2) പുതിയ നിയമത്തിൽ ആദ്യം എഴുതപ്പെട്ട സുവിശേഷം?**

**A) മർക്കോസ്**

B) മത്തായി

C) ലൂക്കോസ്

D) യോഹന്നാൻ

**3) യരുശലേം ദേവാലയം അശുദ്ധമാക്കിയവരെ നിഗ്രഹിച്ച് ദേവാലയ പുനഃപ്രതിഷ്ഠ നിർവ്വഹിക്കുവാൻ നേതൃത്വം കൊടുത്ത വ്യക്തി?**

**A) യൂദാ മക്കാബിയസ്**

B) മത്തത്ഥ്യാസ്

C) മെനലാവോസ്

D) സെലൂക്കസ്

**4) 'ഷെക്കീനാ' എന്ന പദം എന്തിനെ സൂചിപ്പിക്കുന്നു?**

**A) ഇവിടെ പറയുന്നതെല്ലാം ശരിയാണ്.**

B) മേഘമായും അഗ്നിയായും വെളിപ്പെടുന്ന ദൈവത്തിന്റെ സാന്നിധ്യത്തെ കുറിക്കുന്നു.

C) ദൈവം ജനമധ്യേ കൂടാരമടിക്കുന്നതിനെ സൂചിപ്പിക്കുന്നു.

D) ആരാധനയ്ക്കായി വേർതിരിക്കപ്പെട്ട, ദൈവസാന്നിധ്യമുള്ള സ്ഥലത്തെ സൂചിപ്പിക്കുന്നു.

**5) പുരോഹിതന്മാരെ രാജാവ് നിയമിക്കുന്ന രീതി ആരംഭിച്ചത് എന്ന്?**

**A) ദാവീദിന്റെ കാലത്ത്**

B) ശലോമോന്റെ കാലത്ത്

C) ശൗലിന്റെ കാലത്ത്

D) യിസ്രായേൽ വിഭജിക്കപ്പെട്ട കാലത്ത്

**6) ബാബേൽ പ്രവാസകാലത്ത് യഹൂദന്മാരുടെ ഇടയിൽ ഉടലെടുത്ത ആരാധനാരീതി ഏത്?**

**A) സിനഗോഗ് ആരാധന ഉടലെടുത്തു**

B) ബലിയർപ്പണ രീതി

C) ആരാധനാകേന്ദ്രം ശീലോവിലേക്ക് മാറ്റി

D) സമാഗമന കൂടാരത്തിൽ മാത്രം ആരാധന എന്ന രീതി

**7) ആദിയും അന്തവും പരാമർശിക്കാത്ത വ്യക്തി?**

**<u>A) മൽക്കീസദേക്ക്</u>**
B) സാദോക്ക് പുരോഹിതൻ
C) ഹാനോക്ക്
D) അഹറോൻ

**8) എന്താണ് കരപൂരണം?**
**<u>A) യാഗവസ്തു യജമാനന്റെ കൈയിലേല്പിച്ച് തിരികെ വാങ്ങി യാഗപീഠത്തിൽ ദഹിപ്പിക്കുന്നു.</u>**
B) ബലിവസ്തുവിനെ നേരിട്ട് കൈകൊണ്ടുതന്നെ ബലിപീഠത്തിൽ സമർപ്പിക്കുന്നു.
C) പുരോഹിതന്റെ സ്ഥാനം അടുത്ത പുരോഹിതനു കൈമാറുന്ന ചടങ്ങ്.
D) യാഗവസ്തുവിനെ യജമാനനിൽനിന്നും വിലയ്ക്കുവാങ്ങി ബലി അർപ്പിക്കുന്ന രീതി.

**9) ശലോമോൻ നിലനിർത്തിയ ഏക പുരോഹിതൻ?**
**<u>A) സാദോക്ക്</u>**
B) അബ്യഥാർ
C) അബീമേലക്ക്
D) അഹറോൻ

**10) താഴെ പറയുന്നവയിൽ യഹൂദന്മാരുടെ കാനോനിക പെരുന്നാൾ അല്ലാത്തത് ഏത്?**
**<u>A) പ്രതിഷ്ഠാപ്പെരുന്നാൾ</u>**
B) പെസഹാ പെരുന്നാൾ
C) കൂടാരപ്പെരുന്നാൾ
D) പെന്തിക്കോസ്തി പെരുന്നാൾ

**11) തന്നിരിക്കുന്നവയിൽ ഏതാണ് യോബേൽ വർഷത്തെ ആചാരങ്ങൾ?**
**<u>A) ഇവിടെ പറഞ്ഞിരിക്കുന്നതെല്ലാം.</u>**
B) നിലത്തിനെല്ലാം വിശ്രമം നൽകണം.
C) അടിമകൾക്കു വിടുതൽ നൽകണം.
D) ഗംഭീര കാഹളധ്വനിയോടെ വിമോചനം പ്രഖ്യാപിക്കണം.

**12) ഹസ്മോന്യ വംശത്തലവൻ?**
**<u>A) യൂദാ മക്കാബിയസ്</u>**
B) അന്ത്യോക്കസ്
C) എപ്പിപ്പാനിയോസ്
D) മത്ഥത്തിയാസ്

**13) സുറിയാനി ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക വേദപുസ്തകം?**
**<u>A) പെശീത്താ വേദപുസ്തകം</u>**
B) സത്യവേദപുസ്തകം
C) സെപ്റ്റുവജിന്റ്
D) വിശുദ്ധ ഗ്രന്ഥം

**14) ദൈവ-മനുഷ്യബന്ധത്തിൽ നിലനിർത്തേണ്ട പ്രമാണങ്ങൾ ദൈവം നൽകിയത് വിശദീകരിക്കുന്ന പുസ്തകം?**
**<u>A) പുറപ്പാട്</u>**
B) ഉല്പത്തി

C) സദൃശ്യവാക്യങ്ങൾ
D) സങ്കീർത്തനങ്ങൾ

**15) 'പഞ്ചഗ്രന്ഥങ്ങൾ' എന്ന വിഭാഗത്തിൽ ഉൾപ്പെടാത്ത പുസ്തകം?**
**A) യോശുവ**
B) ഉല്പത്തി
C) പുറപ്പാട്
D) ലേവ്യ

**16) ആദിമകാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭ വളർന്നതിന്റെ വിവരണം നൽകുന്ന പുസ്തകം?**
**A) അപ്പോസ്തോലപ്രവർത്തികൾ**
B) വി. മത്തായിയുടെ സുവിശേഷം
C) വി. യോഹന്നാന്റെ സുവിശേഷം
D) വി. ലൂക്കോസിന്റെ സുവിശേഷം

**17) പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ചുള്ള ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) പൗലോസിന്റെ എല്ലാ എഴുത്തുകളും നമുക്കു ലഭ്യമായിട്ടില്ല.**
B) പൗലോസിന്റേതായി 12 ഗ്രന്ഥങ്ങൾ നമുക്കു ലഭ്യമായിട്ടുണ്ട്.
C) സഭയെ ഒന്നടങ്കം ബാധിക്കുന്ന പ്രശ്നങ്ങൾ മാത്രമേ ലേഖനങ്ങളിൽ പരാമർശിക്കുന്നുള്ളു.
D) വ്യക്തികൾക്ക് കത്തയക്കുന്ന രീതി പൗലോസിനില്ലായിരുന്നു.

**18) പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ച് ശരിയല്ലാത്തത് തെരഞ്ഞെടുക്കുക.**
**A) ഇടയലേഖനങ്ങൾ എന്നു വിളിക്കപ്പെടുന്ന നാല് ലേഖനങ്ങൾ ഉണ്ട്**
B) എല്ലാ കത്തുകളും അഭിവാദനത്തോടെ ആരംഭിക്കുന്നു.
C) കത്തുകളുടെ സമാപനം ആശിർവാദത്തോടെ ആണ്.
D) സഭയിലെ മിക്ക ശുശ്രൂഷകളിലും പൗലോസിന്റെ ലേഖനങ്ങൾ വായിക്കാനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**19) 'അറുക്കപ്പെട്ട പെസഹ കുഞ്ഞാട് ക്രിസ്തു ആകുന്നു' എന്ന് പൗലോസ് ശ്ലീഹാ ഏത് ലേഖനത്തിലാണ് പറയുന്നത്?**
**A) കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം**
B) കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം
C) റോമർക്കെഴുതിയ ലേഖനം
D) തെസലോനിക്യർക്ക് എഴുതിയ രണ്ടാം ലേഖനം

**20) പൗലോസ് ശ്ലീഹാ സഭയെ കുറിക്കുവാൻ ഉപയോഗിക്കുന്ന പ്രതിരൂപങ്ങൾ ഏവ?**
**A) ശരീരം, മന്ദിരം, മണവാട്ടി**
B) മന്ദിരം, മണവാട്ടി, പ്രാവ്
C) ശരീരം, മന്ദിരം, പ്രാവ്
D) മണവാട്ടി, പ്രാവ്, ശരീരം

**21) സഭയിലെ മൂന്നു ശുശ്രൂഷാസ്ഥാനികൾ ഏവ?**
**A) എപ്പിസ്കോപ്പ, കശീശ, ശെമ്മാശൻ**
B) കാതോലിക്ക, കശീശ, ശെമ്മാശൻ

C) റമ്പാൻ, കശീശാ, ശെമ്മാശൻ
D) പാത്രിയർക്കീസ്, കാതോലിക്കാ, പോപ്പ്

**22) 'പ്രത്യാശയുടെ ലേഖനം' എന്ന് അറിയപ്പെടുന്നത് ഏതു ലേഖനമാണ്?**
<u>A) പത്രോസിന്റെ ഒന്നാം ലേഖനം</u>
B) ഫിലിപ്യ ലേഖനം
C) എഫേസ്യ ലേഖനം
D) യോഹന്നാന്റെ രണ്ടാം ലേഖനം

**23) താഴെ പറയുന്നവയിൽ 'ഡോസറ്റിസവു'മായി ബന്ധമില്ലാത്ത ഉപദേശം ഏതാണ്?**
<u>A) പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു.</u>
B) ക്രിസ്തുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ നിഷേധിക്കുന്നു.
C) യേശു ദൈവപുത്രനാണെന്നത് നിഷേധിക്കുന്നു.
D) ക്രിസ്തു ദൈവമാണ്, എന്നാൽ മനുഷ്യനല്ല എന്ന് പ്രഖ്യാപിക്കുന്നു

**24) നാവിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായി പറയുന്ന ലേഖനം ഏത്?**
<u>A) യാക്കോബിന്റെ ലേഖനം</u>
B) എബ്രായ ലേഖനം
C) യോഹന്നാന്റെ ലേഖനം
D) പത്രോസിന്റെ ലേഖനം

**25) യോഹന്നാൻ ശ്ലീഹാ നാടുകടത്തപ്പെട്ടത് എവിടേക്ക്?**
<u>A) പത്മോസ് ദ്വീപിലേക്ക്</u>
B) മൊളോക്കോയ് ദ്വീപിലേക്ക്
C) താബോർ മലയിലേക്ക്
D) ആഥോസ് മലയിലേക്ക്

**26) വെളിപാട് കൃതികളുടെ പ്രത്യേകതയല്ലാത്തത് ഏത്?**
<u>A) അവ വർത്തമാനകാലത്തെ ആത്മീകവും ധാർമ്മികവുമായ വിഷയങ്ങളിൽ പ്രബോധനം നൽകുന്നു.</u>
B) ഭാവിയിൽ ദൈവം ഇടപെട്ട് ലോകത്തെ വിധിക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കുന്നു.
C) വെളിപാട് കർത്താക്കൾ ഗൂഢാത്മകമായ പ്രതീകങ്ങൾ ഉപയോഗിക്കുന്നു.
D) ഇവ വിശ്വാസികൾക്ക് ധൈര്യം പകരുന്നു

**27) തന്നെ 'കർത്താവും ദൈവവും' എന്നു സംബോധന ചെയ്യണമെന്ന് ആവശ്യപ്പെട്ട രാജാവ്?**
<u>A) ഡൊമീഷ്യൻ ചക്രവർത്തി</u>
B) നീറോ ചക്രവർത്തി
C) കുസ്തന്തീനോസ് ചക്രവർത്തി
D) അന്തിയോക്കസ് ചക്രവർത്തി

**28) കാനോൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?**
<u>A) അളവുകോൽ</u>
B) വേദപുസ്തകക്രമം
C) ശരിയായിട്ടുള്ളത്

D) ക്രോഡീകരണം

**29) ഒരു പുസ്തകം വിശുദ്ധ ഗ്രന്ഥമായി അംഗീകരിക്കപ്പെടുവാനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**A) പുസ്തകങ്ങൾ യേശു ഉപയോഗിച്ച അറമായ ഭാഷയിൽ എഴുതിയതാകണം.**
B) ഗ്രന്ഥകർത്താവ് സ്വീകാര്യനായ ഒരു ആത്മീയൻ ആയിരിക്കണം.
C) ആരാധനയിൽ ഉപയോഗിച്ച് സ്വീകാര്യത ആർജ്ജിച്ചതായിരിക്കണം.
D) വിശ്വാസികൾക്കു ദൈവീകബോധമുളവാക്കുന്ന ആശയങ്ങൾ ഉണ്ടായിരിക്കണം.

**30) ഓർത്തഡോക്സ് വേദപുസ്തകത്തിൽ പഴയനിയമത്തിൽ എത്ര പുസ്തകങ്ങളാണുള്ളത്?**
**A) 46**
B) 42
C) 36
D) 27

**31) 'കൗമാ' എന്ന വാക്കിന്റെ അർത്ഥമെന്ത്?**
**A) നില്പ്**
B) ഇരിപ്പ്
C) ആമുഖപ്രാർത്ഥന
D) കീർത്തനം

**32) 'ഹാശാ' എന്ന വാക്കിന്റെ അർത്ഥമെന്ത്?**
**A) കഷ്ടത**
B) കടന്നുപോക്ക്
C) എപ്പോഴും
D) ധ്യാനം

**33) കഷ്ടാനുഭവ ആഴ്ചയിലെ പ്രത്യേക കൗമയ്ക്കു ശേഷം ഉപയോഗിക്കുന്ന ഗീതത്തിൽ ആർക്കാണ് സ്തുതി അർപ്പിക്കുന്നത്?**
**A) ത്രിത്വത്തിന്**
B) പിതാവിന്
C) പുത്രന്
D) പരിശുദ്ധ റൂഹായ്ക്ക്

**34) ഹാശായുടെ നമസ്കാരം ആരംഭിക്കുന്നത് എന്ന്?**
**A) ഹോശാന ഞായർ കഴിഞ്ഞുള്ള സന്ധ്യമുതൽ**
B) ഹോശാന ഞായർ സന്ധ്യാനമസ്കാരത്തോടെ
C) പെസഹ വ്യാഴാഴ്ച മുതൽ
D) നാല്പതാം വെള്ളി മുതൽ

**35) മസുമൂർ എന്നാൽ എന്ത്?**
**A) സങ്കീർത്തനം**
B) പ്രാർത്ഥന
C) വേദവായന
D) വാക്യപ്രതിവാക്യം

**36) ദുഃഖവെള്ളിയാഴ്ച രണ്ടാമത്തെ പ്രദക്ഷിണം എന്തിനെ സൂചിപ്പിക്കുന്നു?**

**<u>A) കർത്താവിന്റെ മൃതശരീരം കല്ലറയിലേക്കു കൊണ്ടുപോകുന്നതിനെ സൂചിപ്പിക്കുന്നു.</u>**
B) കർത്താവിന്റെ ഗോൽഗോഥായിലേക്കുള്ള യാത്ര.
C) കർത്താവിനെ അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്നതിനെ.
D) ആരാധനയുടെ സമയക്രമീകരണത്തിനുവേണ്ടി മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

**37) ദുഃഖശനിയാഴ്ച കുർബാനയുടെ പ്രത്യേകതകൾ തെരഞ്ഞെടുക്കുക.**
**i. കൈകസ്തൂരി കൊടുക്കുന്നില്ല.**
**ii. വി. കുർബാനാനുഭവം ഇല്ല.**
**iii. ദുഃഖശനിയാഴ്ചയുടെ പ്രത്യേക കൗമാ ഉപയോഗിക്കുന്നു.**
**iv. പ്രധാന ത്രോണോസിൽ വി. കുർബ്ബാന ചൊല്ലുന്നില്ല.**
**v. ഒമ്പതാം മണി നമസ്കാരത്തിനു ശേഷമാണു വി. കുർബ്ബാന.**
**<u>A) i, iii, iv, v</u>**
B) i, iii, v
C) ii, iii, iv
D) i, iv, v

**38) ക്രൂശിൽ മരിച്ചശേഷം കർത്താവ് പാതാളത്തിൽ ചെന്ന് സുവിശേഷം അറിയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് ആരുടെ ലേഖനത്തിൽ?**
**<u>A) പത്രോസിന്റെ</u>**
B) യോഹന്നാന്റെ
C) യൂദായുടെ
D) പൗലോസിന്റെ

**39) ദുഃഖശനിയാഴ്ചയ്ക്ക് 'അറിയിപ്പിന്റെ ശനിയാഴ്ച' എന്ന് പേരു വന്നതെങ്ങനെ?**
**<u>A) അന്ന് കർത്താവ് പാതാളത്തിൽ ചെന്ന് സുവിശേഷം അറിയിച്ചതിന്റെ സ്മരണ ആയതിനാൽ.</u>**
B) അന്ന് വി. കുർബ്ബാന സാധാരണ രീതിയിൽ അല്ലാത്തതിനാൽ.
C) അന്ന് അറിയിപ്പുകൾ വായിക്കുന്ന പതിവില്ലാത്തതിനാൽ.
D) അന്ന് രാത്രിയിൽ കർത്താവിന്റെ ഉയിർപ്പ് സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനാൽ.

**40) 'യാചിക്കുന്നു - ഞങ്ങളൊടൊപ്പം**
**ഞങ്ങൾക്കായ് പ്രാർത്ഥിക്കുക നീ...' എന്നു തുടങ്ങുന്ന ഗീതത്തിൽ രാജാവ് എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത്?**
**<u>A) നൃപപതി</u>**
B) അധിപതി
C) ചക്രവർത്തി
D) നിവാസങ്ങൾ

**41) '........................ കൈക്കൊണ്ടുദരേ പേറി**
**ഗർഭാശയ കന്യാമുദ്രകളിന്നും നിർഗ്ഗതനായ്'**
**വിട്ടുപോയ വാക്കു പൂരിപ്പിക്കുക.**
**<u>A) കർണത്താലവനെ</u>**
B) ഹിതമോടുദയം
C) വാഴ്വേറും നിർമ്മല കന്യക
D) സ്തുതിയധികം

**42) ക്രൂശിന്മേൽ തല ചായിച്ചോൻ ... എന്നു തുടങ്ങുന്ന ഗീതത്തിലെ പ്രതിപാദ്യവിഷയം എന്താണ്?**
**A) സഹദേന്മാർ**
B) കർത്താവിന്റെ ക്രൂശുമരണം
C) കർത്താവിന്റെ ഉയിർപ്പ്
D) കന്യകമറിയാം

**43) 'വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ...'**
**എന്നു തുടങ്ങുന്ന ഗീതം ഏതു സങ്കീർത്തനം അടിസ്ഥാനമാക്കിയുള്ളതാണ്?**
**A) 44-ാം സങ്കീർത്തനം**
B) 45-ാം സങ്കീർത്തനം
C) 90-ാം സങ്കീർത്തനം
D) 121-ാം സങ്കീർത്തനം

**44) 'ഈൽശാദായ് തനയൻ' ആര്?**
**A) യേശുക്രിസ്തു**
B) സർവ്വശക്തനായ ദൈവം
C) കന്യകമറിയം
D) കുസ്തന്തീനോസ് ചക്രവർത്തി

**45) 'സ്ലീബാ വാഴുക സ്വർഗ്ഗത്തിൽ' എന്ന ഗീതത്തിന്റെ അടുത്ത വരി തെരഞ്ഞെടുക്കുക.**
**A) സ്ലീബാ വാഴുക ഭൂമിയിലും**
B) സ്ലീബാ പള്ളികൾ ദയറാകൾക്കെല്ലാമാകട്ടെ കോട്ട.
C) പാറപിളർന്നു തൻ ധ്വനിയാൽ
D) സ്ലീബായാകട്ടെ കോട്ട.

**46) പരുമല തിരുമേനിയെ സുറിയാനി പഠിപ്പിച്ചത് ആര്?**
**A) ഗീവർഗീസ് മല്പാൻ**
B) ഓണക്കാവിൽ അയ്യാ
C) മാത്യൂസ് മാർ അത്തനാസിയോസ്
D) മാർ കൂറീലോസ്

**47) പ. പരുമല തിരുമേനിയുടെ ആദർശപുരുഷൻ ആരായിരുന്നു?**
**A) വി. അന്തോനിയോസ്**
B) വി. പക്കോമിയോസ്
C) മാർ കൂറീലോസ്
D) മാർ അത്താനാസിയോസ്

**48) ഏതു വിശേഷ ദിവസമാണ് പ. പരുമല തിരുമേനി റമ്പാനായത്?**
**A) വചനിപ്പ് പെരുന്നാൾ ദിവസം.**
B) ശ്ലീബാപ്പെരുന്നാൾ ദിവസം.
C) വാങ്ങിപ്പ് പെരുന്നാൾ ദിവസം.
D) സുലോക്കോ പെരുന്നാൾ ദിവസം.

**49) പ. പരുമല തിരുമേനി ചുമതല വഹിച്ചിരുന്ന ഭദ്രാസനങ്ങൾ ഏവ?**
**A) നിരണം, തുമ്പമൺ, കൊല്ലം എന്നിവ**

B) നിരണം, തുമ്പമൺ, തിരുവനന്തപുരം എന്നിവ
C) തുമ്പമൺ, കൊല്ലം എന്നിവ മാത്രം
D) നിരണം, കൊല്ലം, അങ്കമാലി എന്നിവ

**50) 'ദൈവത്തെ ഭയപ്പെടണം, ........................ പേടിക്കരുത്.' പരുമല തിരുമേനിയുടെ ഈ വചനം പൂരിപ്പിക്കുക.**

**A) സാത്താനെ**
B) ശത്രുവിനെ
C) മനുഷ്യനെ
D) ദുഷ്ടനെ